26.06.2023

പ്രേക്ഷിതൻ

മാത്യു തോമസ് (മാത്തുക്കുട്ടി)
പള്ളിക്കുന്നേൽ ഹൗസ്
ചിങ്ങവനം പി.ഒ., കോട്ടയം
0481-2432126, 9446332126

സ്വീകർത്താവ്

തദ്ദേശ സ്വയംഭരണ വകുപ്പ്
അദാലത്ത് സമിതി

സർ,

ഞാൻ 2001-ൽ നാട്ടകം പഞ്ചായത്തിൽ നിന്ന് പെർമിറ്റ് എടുത്ത് (നമ്പർ 172/ 2001-2002) പണിത 2 നിലക്കെട്ടിടത്തിനു മുകളിൽ പിന്നീട് പണിയിച്ച 4 മുറികൾ (ആകെ 400 സ്ക്വയർ ഫീറ്റ്) 2018-ലെ GO(P)11/2018 LSGD ഉത്തരവ് പ്രകാരം ക്രമീകരിച്ചു തരുവാൻ 09.05.2018-ൽ കോട്ടയം നഗരസഭയിൽ അപേക്ഷ സമർപ്പിക്കുകയും തുടർന്ന് ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള 05.06.2018 -ലെ NPW1 2852/18 നമ്പർ അറിയിപ്പ് എനിക്കു ലഭിക്കുകയും ആവശ്യപ്പെട്ട രേഖകൾ ഞാൻ ഹാജരാക്കുകയും അതിന് NPW1 4540/18 നമ്പർ രസീത് ലഭിക്കുകയും ചെയ്തതാണ്. ഞാൻ ആവശ്യമായ എല്ലാ രേഖകളും ഹാജരാക്കിയതായി കോട്ടയം നഗരസഭയുടെ അന്നത്തെ സെക്രട്ടറി 11.01.2019-ൽ എനിക്കയച്ച 3564/18 നമ്പർ അറിയിപ്പിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്.

ഞാൻ അധികമായി പണിയിച്ച മുറികൾ കൂട്ടി ബഹു. നാട്ടകം വില്ലേജ് ഓഫീസർ അളന്ന് ബഹു. കോട്ടയം ആർ.ഡി.ഒ.യുടെ നിർദ്ദേശപ്രകാരം നാട്ടകം വില്ലേജ് ഓഫീസിൽ 12.03.2013-ൽ D1 9876/11 നമ്പർ രസീത് പ്രകാരം ഞാൻ 18,180/- രൂപയും കൂടാതെ, ഡെപ്യൂട്ടി ലേബർ ഓഫീസറുടെ അറിയിപ്പ് അനുസരിച്ച് 31.08.2018-ൽ A5 8828/16 നമ്പർ രസീത് പ്രകാരം 21,922/- രൂപയും ഉൾപ്പെടെ 40,102/- രൂപ ഈ ആവശ്യത്തിനായി ഞാൻ സർക്കാരിലേക്ക് അടച്ചിട്ടുള്ളതാണ്. അന്നുമുതൽ കോട്ടയം നഗരസഭയിൽ 710 B, 710 C, 710 D, 710 E എന്നീ നമ്പരുകളിൽ 1361/- രൂപാ കെട്ടിടനികുതി അടച്ചുപോരുന്നു. ഞാൻ കൊടുത്ത അപേക്ഷയിൽ 5 വർഷങ്ങളായിട്ടും കെട്ടിടം ക്രമവൽക്കരിക്കാനുള്ള നടപടി ഉണ്ടായിട്ടില്ല.

ഈ കെട്ടിടത്തിന് യാതൊരു അവകാശത്തർക്കവും ഉള്ളതല്ല. കെട്ടിടം ക്രമവൽക്കരിക്കുന്നതിനുവേണ്ടി 17.09.2019-ൽ നാട്ടകം ഓഫീസിൽ 1116-ാം നമ്പർ രസീതിൻ പ്രകാരം 1500/- രൂപ ഫീസ് അടച്ചിട്ടുള്ളതാണ്. ഇതു സംബന്ധിച്ച് പിന്നീട് നഗരസഭയിൽ അന്വേഷിച്ചപ്പോൾ എന്റെ ഫയൽ കാണാനില്ല എന്നു മറുപടി കിട്ടി.

.........പേജ് 2

Scanned with CamScanner

26.10.2019-ൽ അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കണമെന്നു കാണിച്ച് എനിക്ക് അയച്ചെന്നു പറയുന്ന കത്ത് എനിക്കു കിട്ടിയിട്ടില്ല. ടി NPW1 2852/18 നമ്പർ അറിയിപ്പ് കിട്ടുന്നതിനുവേണ്ടി വിവരാവകാശനിയമപ്രകാരം 02.09.2022-ൽ നാട്ടകം ഓഫീസിൽ ഞാൻ സമർപ്പിച്ച അപേക്ഷയ്ക്ക് ഇതുവരെ മറുപടി കിട്ടിയിട്ടില്ല. ഈ ആവശ്യത്തിന് 01.10.2022 ലെ ഇൻഫർമേഷൻ ഓഫീസറുടെ NBA 175/20-21 നിർദ്ദേശപ്രകാരം നാട്ടകം ഓഫീസിൽ 26.10.2022-ൽ ഫീസ് അടച്ചതിന് 02/122010104782, 02/122010104783, 02/122010104784 നമ്പർ രസീതുകൾ തന്നിട്ടുള്ളതാണ്. 8 മാസം കഴിഞ്ഞിട്ടും മറുപടി കിട്ടിയിട്ടില്ല. ടി അപേക്ഷയുടെ മറുപടി കിട്ടിയാൽ മാത്രമേ ന്യൂനതകൾ എന്താണെന്ന് അറിയാനും അതു പരിഹരിച്ചുതരുവാനും എനിക്കു സാധിക്കുകയുള്ളൂ.

നഗരസഭ അധികാരികൾ എന്നോട് വ്യക്തിവൈരാഗ്യം തീർക്കുന്നു എന്നു കാണിച്ച് ബഹു. മനുഷ്യാവകാശ കമ്മീഷൻ മുൻപാകെ 7903/22 നമ്പരിൽ കേസ് ഫയൽ ചെയ്യുകയും 14.02.2023-ൽ വിധി വരികയും, വിധിയിൽ പരാതിക്കാരൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ ഉടൻ നിയമപരമായി തീരുമാനം എടുത്ത് എത്രയും വേഗം പരാതിക്കാരനെ വിവരം അറിയിക്കണമെന്ന് ഉത്തരവുണ്ടായിട്ടും 4 മാസം കഴിഞ്ഞിട്ടും യാതൊരു നീതിയും എനിക്കു ലഭിച്ചിട്ടില്ല.

കൂടാതെ, എന്റെ വക ഉദ്ദേശം 70 വർഷം പഴക്കമുള്ള കെട്ടിടം രണ്ടു നിലകളായി പണിയുന്നതിന് എല്ലാ രേഖകളും 21.12.2020-ൽ ഹാജരാക്കി (ഫയൽ നമ്പർ. NBA 175/20-21). രണ്ടര വർഷം കഴിഞ്ഞിട്ടും യാതൊരു നടപടിയും നഗരസഭയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല.

ഈ കെട്ടിടം എന്റെ സഹോദരനും കേരള കോൺഗ്രസ് മുൻ ചെയർമാനും മുൻ എം.പി.യുമായ സ്കറിയാ തോമസിന് പാർട്ടി ഓഫീസായി ഞാൻ കൊടുത്തിട്ടുള്ളതാണ്. ഇപ്പോഴും ഈ മുറി ചെയർമാൻ ബിനോയി ജോസഫിന്റെ നേതൃത്വത്തിൽ പാർട്ടി ഓഫീസായി പ്രവർത്തിച്ചുവരുന്നതാണ്. ഞാനും ഈ പാർട്ടിയിൽ പ്രവർത്തിക്കുന്നത് നഗരസഭയിലെ ചില അധികാരികൾക്ക് ഇഷ്ടപ്പെടാത്തതുമൂലം എന്നോട് വ്യക്തിവൈരാഗ്യത്തോടെ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുകയാണ്.

സമക്ഷത്തുനിന്നും ദയവുണ്ടായി ഇതിന് ഒരു ശാശ്വത പരിഹാരം ഉണ്ടാക്കിത്തരണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

Mathukutty
27/6/2023

മാത്യു തോമസ്, പള്ളിക്കുന്നേൽ
9446332126

Scanned with CamScanner